1. ഉറവിട മാലിന്യ സംസ്കരണ പദ്ധതി
2. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലും ആധുനികവൽക്കരണവും
3. ആധുനിക അറവുശാലകളുടെ നിർമ്മാണം
4. മഴക്കാലപൂർവ്വ ശുചീകരണം
5. സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

(ബി) മാലിന്യ നിർമ്മാർജ്ജനത്തിനായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് എന്നിവ സ്ഥാപിക്കുന്നതിലേക്കായി 59 നഗരസഭകൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്ക് 27 നഗരസഭകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇവയുടെയെല്ലാം നിർവ്വഹണം നഗരസഭകൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

(സി) നഗരസഭകളിലൊന്നും തന്നെ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല.

അറവുശാലകൾ

69 (5417) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ അംഗീകാരമുള്ളതും ഇല്ലാത്തതുമായ എത്ര അറവുശാലകളുണ്ടെന്ന് ലൈസൻസി, സ്ഥലം എന്നിവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) അനധികൃത കശാപ്പ് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നഗരസഭാ പ്രദേശത്ത് അംഗീകാരമുള്ളതും ഇല്ലാത്തതുമായ അറവുശാലകൾ നിലവിലില്ല.

(ബി) അനധികൃത കശാപ്പ് തടയുന്നതിനായി നഗരസഭകളിൽ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ പരിശോധിക്കലായി പരിശോധന നടത്തി വരുന്നുണ്ട്. കുറ്റക്കാർക്കെതിരെ നോട്ടീസ് നൽകുകയും പിഴ ചുമത്തുകയും കേസ് എടുക്കുകയും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly